LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. എൻ. രാജൻ, ശ്രീ. കെ. കെ. ഷാജു എന്നിവരെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III അടിയന്തരപ്രമേയം

നിയമനത്തട്ടിപ്പ്

മി. സ്പീക്കർ : ഓർഡർ, ഓർഡർ.... സംസ്ഥാനത്ത് നടന്നുവരുന്ന നിയമനത്തട്ടിപ്പ് ഉദ്യോഗാർത്ഥികളേയും കേരള ജനസമൂഹത്തേയും ഞെട്ടിച്ചിരിക്കുകയാണ്. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് റവന്യൂ വകുപ്പിലേയും കമ്മീഷണറേറ്റിലേയും അതിപ്രധാന സ്ഥാനങ്ങൾ കൈക്കലാക്കി ആസൂത്രിതമായ തട്ടിപ്പാണ് നടന്നിട്ടുള്ളത്. പി.എസ്.സി.യെ മറയാക്കിയും ചില വകുപ്പുകളിൽ പി.എസ്.സി.യെത്തന്നെ ഒഴിവാക്കിയും നടക്കുന്നതായി പറയപ്പെടുന്ന നിയമ ലംഘനങ്ങളെ സംബന്ധിച്ച് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. റ്റി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, എന്റെ സുഹൃത്തുക്കൾ നൽകിയ അടിയന്തരപ്രമേയത്തിന്റെ പ്രധാന വിഷയങ്ങളെല്ലാംതന്നെ ഇന്നത്തെ ചോദ്യം *2-ന്റെ മറുപടിയിലൂടെ ഇവിടെ നമ്മൾ വിശദമായി ചർച്ച ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനം തന്നെ പൊളിഞ്ഞിരിക്കുകയാണ്. അപ്പോൾ ഈ അടിയന്തരപ്രമേയത്തിന്റെ അടിയന്തരം പോയിക്കഴിഞ്ഞാൽ പിന്നെ പ്രമേയം എന്നുള്ളതുമാത്രമേ അവശേഷിക്കുന്നുള്ളൂ. അതുകൊണ്ട് എന്റെ സ്നേഹിതന്മാർ നേരത്തെ ഉണ്ടായിട്ടുള്ള കാര്യങ്ങളൊന്നും മനസ്സിലാക്കാതേയും ഇതേ വിഷയത്തിൽ ഇന്ന് നക്ഷത്രചിഹ്നമിട്ട ചോദ്യം വരുമെന്നുള്ളതൊന്നും മനസ്സിലാക്കാതേയും സ്ഥിരമായി എഴുതിക്കൊണ്ടുവരുന്ന അടിയന്തരപ്രമേയം അവർ ഇത്തവണയും കൊണ്ടു വന്നുവെന്നേയുള്ളൂ. അതുകൊണ്ട് കാര്യങ്ങൾ നല്ലപോലെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടക്കമുള്ള ആളുകൾ കാര്യങ്ങൾ മനസ്സിലാക്കി ഇതിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനമെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഈ അടിയന്തരപ്രമേയത്തിന് യാതൊരു പ്രസക്തിയും ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ കേരളം ഭരിക്കുന്ന, കേരളത്തിലെ ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയും വളരെ ഒരു ലാഘവബുദ്ധിയോടുകൂടി ഈ തട്ടിപ്പിനെ കണ്ടതിൽ എന്റെ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. അങ്ങ് അങ്ങയുടേതായ രൂപത്തിൽ ഉയർന്നുനിന്നുകൊണ്ട് ഈ പ്രതലത്തിൽ അത് കാണുമെന്ന് ഞാൻ

പ്രതീക്ഷിച്ചതാണ്. അങ്ങ് എന്താണ് ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞത്? ഇവിടെ ചോദ്യം വന്നു, ഉത്തരം പറഞ്ഞുവെന്നുള്ളത് സത്യമാണ്. ചോദ്യത്തിന് പറഞ്ഞിരിക്കുന്ന ഉത്തരം ഈ തട്ടിപ്പിനെ സാധൂകരിക്കത്തക്ക വിധത്തിലാണ്. തട്ടിപ്പിന്റെ മാനം കുറച്ചുകൂടി കൂടിയിരിക്കുകയാണ്. കാരണം സാധാരണ ഗതിയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം കിട്ടിക്കഴിയുന്ന ആളുകൾ പോലീസ് വെരിഫിക്കേഷനുള്ള സർട്ടിഫിക്കറ്റും അവർ തന്നെ നേരിട്ട് ഹാജരാക്കും എന്നാണ് ഇപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. അപ്പോൾ ഈ രൂപത്തിലാണ് ഈ സംസ്ഥാനത്തെ കാര്യങ്ങൾ പോകുന്നതെങ്കിൽ ഇത് എവിടെ പോയി നിൽക്കും? ഞാൻ ചോദിക്കട്ടെ, അങ്ങ് ഇവിടെ ചോദ്യത്തിന് ഉത്തരം പറഞ്ഞ കൂട്ടത്തിൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ 'എ' സെക്ഷനകത്ത് അഭിലാഷ് പിള്ള എന്നുപറയുന്ന ഒരാൾ ചെന്നുപെട്ടത് വെറും ഒരു തട്ടിപ്പുകാരൻ കയറ്റി ആ കസേരയിൽ ഇരുത്തിയതാണോ? (ബഹളം)... ഇപ്പോൾ.....മനസ്സിലാകുകയില്ല..:..... നിങ്ങൾക്ക്, മനസ്സിലാകും.....രണ്ട് മാസം കൂടി കഴിയും. ഇവിടെ അഭിലാഷ് പിള്ളയെന്നുപറയുന്ന ആളിനെ വയനാട് കളക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് 'എ' സെക്ഷനകത്ത് നിയമനം കൊടുത്തത് ആരാണ് സർ? ഈ അഭിലാഷ്പിള്ളയെ വയനാട്ടിൽനിന്ന് തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള ഓർഡറിന്റെ കോപ്പിയാണ് ഇത്. (ഓർഡറിന്റെ കോപ്പി ഉയർത്തിക്കാണിച്ചു). ഈ ഓർഡർ 15-5-2010-ൽ ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിപ്രകാരം 7-ാം നമ്പർ പ്രകാരമാണ് അദ്ദേഹത്തെ തിരുവനന്തപുരത്തേക്ക് മാറ്റിയതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തേക്ക് മാറ്റിയ അഭിലാഷ് പിള്ളയുടെ ആ ട്രാൻസ്ഫർ റദ്ദ് ചെയ്തിച്ച് അയാൾ ഇരുന്ന അതേ കസേരയിൽത്തന്നെ പിടിച്ചിരിക്കണമെന്ന് വരികിൽ ഇതിനകത്തെ ഏറ്റവും വലിയ പ്രശ്നക്കാരൻ അങ്ങയുടെ പുറകിലിരിക്കുന്ന റവന്യൂ വകുപ്പു മന്ത്രിയാണെന്നുള്ളത് ആർക്കാണ് അറിയാൻ കഴിയാത്തത്? ഇവിടയല്ലേ പ്രധാനപ്പെട്ട പ്രശ്നം? ഇതിനാണോ അങ്ങ് ഉത്തരം പറഞ്ഞത്? ഇതിനാണോ അങ്ങയുടെ മറുപടിയുണ്ടായത്? അപ്പോൾ ഈ ട്രാൻസ്ഫർ ക്യാൻസൽ ചെയ്ത് അയാൾ അവിടെ അതേ പോസ്റ്റിലിരിക്കുകയാണ്. ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറായിട്ടിരിക്കുന്ന, പേര് ഞാൻ പറയുന്നില്ല, ആളാണ് ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിന്റെ ഉത്തരവാദി. അങ്ങനെ അസിസ്റ്റന്റ് കമ്മീഷണറായിരിക്കുന്ന ആളുടെകൂടി സ്വാധീനം വിനിയോഗിച്ചുകൊണ്ടാണ് ഈ തട്ടിപ്പുകളെല്ലാം നടത്തിയിട്ടുള്ളത്. റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിനകത്ത് വലിയ സ്വാധീനമുള്ള ആളുകളാണ് ഇവരെന്നുള്ളത് അങ്ങേയ്ക്കറിയില്ലേ? ഇവിടെ ദേശാഭിമാനി പത്രം ഉണ്ട്, പണ്ടൊരിക്കൽ അങ്ങ് ഇതിന്റെ എഡിറ്ററായിരുന്നു. ഇന്ന് അങ്ങ് അല്ല. അതിൽ പറയുന്നത്, "നിയമന തട്ടിപ്പിൽ 10 ഇടനിലക്കാർ കൂടിയുണ്ട്, ആരേയും പിടിച്ചിട്ടില്ല" എന്നാണ്. നിയമനത്തട്ടിപ്പിനകത്ത് 10 ഇടനിലക്കാർ കൂടിയുണ്ടെന്ന് ഇന്നത്തെ ദേശാഭിമാനി പത്രത്തിലുണ്ട്. ആരേയാണ് പിടിച്ചത്? അങ്ങ് ഉൾക്കൊള്ളുന്ന പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒഫീഷ്യൽ ജിഹ്വ, അവരാണ് പറയുന്നത് ഈ നിയമനതട്ടിപ്പിനകത്തുള്ള 10 പേരെ ഇനിയും പിടിക്കാനുണ്ടെന്ന്. രണ്ട് രൂപത്തിലല്ലേ ഈ കേസ് കണ്ടത്. ഒന്ന്, കാശ് കൊടുത്ത് ജോലി സമ്പാദിച്ചിട്ടുള്ള ആളുകൾ. അതിൽ ചെട്ടിയാരുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ചെട്ടിയാരുടെ മക്കളുണ്ട്, കുടുംബങ്ങളുണ്ട്. അങ്ങനെ പലരുമുണ്ട്. അവർ മൊത്തം 23 ലക്ഷം രൂപ കൊടുത്തു. ഇക്കൂട്ടത്തിൽ കുറേ കാശ് കൊടുത്ത വരുമുണ്ട്, കാശ് കൊടുത്ത് ജോലി സമ്പാദിച്ച ആളുകൾ ഉണ്ട്, കാശ് വാങ്ങിച്ചു കൊണ്ട് ഈ ജോലിക്കുള്ള ഫാബ്രിക്കേറ്റഡ് ഡോക്യുമെന്റ് ഉണ്ടാക്കിയവരുണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലും കമ്മീഷണറേറ്റിലും ഒത്താശ ചെയ്തിട്ടുള്ള ആളുകളുണ്ട്. എന്നിട്ട് അവിടെച്ചെന്ന് കയറിപ്പറ്റി അവർക്ക് പോസ്റ്റിംഗ് മേടിച്ചു കൊടുക്കുകയാണ്. ഞാൻ ചോദിക്കട്ടെ, അങ്ങയുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ട്രഷറിയിൽ ഇവരുടെ ശമ്പളബില്ലുകൾ ചെല്ലുമ്പോൾ അവിടെ ശമ്പളബില്ല് എങ്ങനെവന്നുവെന്ന് നോക്കാൻ ഇവർക്ക് ബാദ്ധ്യതയില്ലേ? അങ്ങനെ വെറുതെ ഏതെങ്കിലുമൊരു തട്ടിപ്പുകാരൻ വിചാരിച്ചാൽ കേരളത്തിന്റെ ട്രഷറിക്കകത്തുനിന്ന് ശമ്പളം മേടിച്ചുകൊണ്ട് അവർക്ക് പോകാൻ പറ്റുമോ? അവർ ശമ്പളം മാറിയിട്ടുണ്ടല്ലോ? അവർക്കെങ്ങനെയാണ് ശമ്പളം കൊടുക്കുന്നത്? ഇവിടെ സൂപ്പർന്യൂമററി പോസ്റ്റിലേക്ക് ആളുകളെ നിയമിക്കുന്നതിനുവേണ്ടി അനുവാദം കൊടുത്തപ്പോൾ ഉള്ള ടോട്ടൽ സ്ട്രെംഗ്തിനേക്കാൾ കൂടുതൽ വയനാട് ജില്ലയിൽ ശമ്പളം പറ്റിയിട്ടുണ്ടെങ്കിൽ അങ്ങയുടെ മന്ത്രിസഭയിലെ ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള ധനകാര്യ വകുപ്പിന് ഇതിന് ഉത്തരവാദിത്വം ഇല്ലെന്ന് പറയാൻ പറ്റുമോ? ഈ തട്ടിപ്പ് വരുന്നത് വളരെ വിപുലമായ രൂപത്തിലാണ്. എന്നിട്ടോ.... വയനാടിൽ 8 പേരെ നിയമിച്ചു. നിയമനം കിട്ടിയ 8 പേരെ അങ്ങ് ആദ്യം ചെയ്തത് എന്താണ്? അവരെ സസ്പെന്റ് ചെയ്തു. സർവ്വീസിൽ ഇല്ലാത്തവരെ എങ്ങനെയാണ് സസ്പെൻഡ് ചെയ്യുന്നത്? സർവ്വീസിൽ ഇല്ലാത്തവരെ സസ്പെൻഡ് ചെയ്തു. എന്നിട്ട് ഇപ്പോൾ അവരെ റിമൂവ് ചെയ്തുവെന്ന് സബ്സിക്വന്റായി പറഞ്ഞു. ഈ തട്ടിപ്പ് കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടോ? ഈ തട്ടിപ്പും കണ്ടെത്തിയിട്ടില്ല. നെല്ലിയാമ്പതിയിൽ ആരാ? അവിടെ ദിനേശൻ, നെല്ലിയാമ്പതി പഞ്ചായത്ത് വകുപ്പിൽ 2009 ജൂൺ മാസത്തിൽ അയാൾ ജോലിക്ക് കയറി. ജോലിക്ക് കയറിയ ശേഷം ആഗസ്റ്റിൽ അയാളെക്കുറിച്ച് പരാതി വന്നു. അതിൽ പോലീസ് വെരിഫിക്കേഷൻ നടന്നിട്ടുണ്ട് എന്നാണ് പറയുന്നത്. പോലീസ് വെരിഫിക്കേഷൻ നടത്തിയെന്നുള്ളതു സംബന്ധിച്ച പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കത്താണ് ഇത് (കത്ത് ഉയർത്തിക്കാട്ടി). പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എഴുതിയിരിക്കുകയാണ്, 19-9-2009-ലെ ഇതേ നമ്പർ കത്ത് പ്രകാരം... പരാതി നൽകുകയും ചെയ്തിരുന്നു. ആയതിനുശേഷം പി.എസ്.സി. ഓഫീസിൽ നിന്നോ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ഓഫീസിൽ നിന്നോ ഇതുമായി ബന്ധപ്പെട്ട് ഒരു വിവരവും ലഭിച്ചിട്ടില്ല. ആരാണ് പരാതിക്കാരി? പരാതിക്കാരി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. അവർ അന്വേഷണം നടത്തി റിപ്പോർട്ട് കൊടുത്തു. പോലീസ് ഒരു നടപടിയും എടുത്തില്ല. തട്ടിപ്പുകാർ അകത്തിരുന്ന് ജോലി ചെയ്തു. അതിനെല്ലാം കൂട്ടുനിന്നുകൊണ്ടാണ് ഇവിടെ തട്ടിപ്പ് അരങ്ങേറിയത്. ഈ തട്ടിപ്പിന്റെ കേസ് നിലനിൽക്കുമ്പോൾത്തന്നെ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൊടുത്ത ഈ കേസ് ഇരിക്കുമ്പോൾത്തന്നെ, ക്രൈം ബ്രാഞ്ച് പൊലീസ് വെരിഫിക്കേഷനിൽ ദിനേശന് ക്ലിയർ സർട്ടിഫിക്കറ്റ് കൊടുത്ത് അയാളെ റെഗുലറൈസ് ചെയ്തു എന്നുള്ളത് അങ്ങയുടെ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുഖത്തടിച്ചപോലെയുള്ള ഒരു കാര്യമല്ലേ? ഇതിനെതിരെ എന്ത് നടപടിയാണ് എടുത്തത് ? ഒരു നടപടിയും എടുത്തില്ലല്ലോ ? ഒരു കാര്യം കൂടി ചോദിക്കട്ടെ, തട്ടിപ്പിലൂടെ ജോലി നേടിയ ദിനേശനെ സസ്പെൻഡ് ചെയ്തോ ? ഇന്നും അയാളെ സർവ്വീസിൽ നിന്ന് റിമൂവ് ചെയ്യാൻ അങ്ങയുടെ മന്ത്രിസഭയിൽപ്പെട്ട മന്ത്രിമാരുടെ കൈ പൊങ്ങിയിട്ടില്ല എന്നുള്ളതാണ് വാസ്തവം. ഞാൻ അറിഞ്ഞിടത്തോളം ദിനേശന്റെ ഏറ്റവും അടുത്ത ബന്ധുവിനെ അങ്ങേയ്ക്കും അറിയാം, ആളുടെ പേര് പറയുന്നില്ല. വിശദമായി പറഞ്ഞാൽ പേര് ഞാൻ പറയും. അതുകൊണ്ട് ആ തട്ടിപ്പാണ് ഇവിടെ നടക്കുന്നത്. ഒരു സ്പെഷ്യൽ ബ്രാഞ്ച് നോൺ കേഡർ എസ്. പി. ശ്രീ. രാജൻ, അദ്ദേഹം അന്വേഷണം നടത്തി, എന്നിട്ട് ടി.വി.യിൽ പറഞ്ഞത് ഞാൻ കണ്ടു. ഇതിന്റെ പേരിൽ ഒരു നടപടിയും പിന്നീട് കണ്ടിട്ടില്ല. വ്യാപകമായ തട്ടിപ്പാണ് എന്നുപറഞ്ഞു. ഇവിടെ വ്യാപകമായ തട്ടിപ്പാണ്. വയനാട്ടിൽ തുടങ്ങി,.. പാലക്കാട് ..... ഇത് അവസാനിക്കുന്നില്ല. പാവപ്പെട്ട ചെറുപ്പക്കാർ ജോലിക്കുവേണ്ടി അലഞ്ഞുകൊണ്ടിരിക്കുമ്പോൾ അവരുടെ പേരിൽ തട്ടിപ്പ് നടത്തി ആളുകൾ ജോലി നേടുന്നു. പണം കൊടുത്ത് അവർ ജോലി വസൂലാക്കുന്നു. ആരോഗ്യ വകുപ്പിനകത്ത് ശ്രീ. രവികുമാറിനെ അങ്ങേയ്ക്കറിയാമല്ലോ ? അങ്ങയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നു. അങ്ങ് പ്രതിപക്ഷനേതാവായിരുന്നപ്പോൾ അങ്ങയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ആളാണ് ശ്രീ. രവികുമാർ. അങ്ങയുടെ മാത്രമല്ല, അന്തരിച്ച ഇ. കെ. നായനാരെ ഇതിൽ വലിച്ചിഴയ്ക്കുന്നില്ല. പക്ഷേ അന്നും ഇയ്യാൾ ഉണ്ടായിരുന്നു. ശ്രീ. കെ. പി. അരവിന്ദാക്ഷൻ ഇവിടെ ഓപ്പോസിഷൻ ചീഫ് വിപ്പായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിലും ഇയ്യാൾ ഉണ്ടായിരുന്നു. ശ്രീ. എ. കെ. ബാലൻ എം.എൽ.എ. ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ പി. എ. ആയിരുന്നു. മന്ത്രി ആയപ്പോൾ സ്പെഷ്യൽ പി.എ. ആയി. വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി അയാൾ നിയമനം സംഘടിപ്പിച്ചുകൊണ്ടുപോയില്ലേ, പ്രൊമോഷൻ സംഘടിപ്പിച്ചുകൊണ്ടുപോയില്ലേ ? ഈ ഗവൺമെന്റ് അറിയാതെ ഇയാൾ പഠിക്കാൻ പോയി എന്നാണ് പറയുന്നത്. ഇവിടെ മറ്റൊരു കേസിൽ ഗവൺമെന്റ് അറിയാതെ പഠിക്കാൻ പോയതിന്റെ പേരിൽ ലാ ഡിപ്പാർട്ട്മെന്റിൽ ലാ അസിസ്റ്റന്റായി വന്ന ഒരാൾക്കെതിരെ ഇന്നലെ വൈകുന്നേരം അഞ്ചരമണിക്ക്, ഇന്ന് നിയമസഭ കൂടുന്നതുകൊണ്ട് ഒരു സസ്പെൻഷൻ കൊടുത്തു. നമ്മുടെ നിയമ വകുപ്പുമന്ത്രി, നിയമ വകുപ്പ് സെക്രട്ടറി സ്ഥലത്തില്ലാതിരുന്നിട്ടും അഡീഷണൽ സെക്രട്ടറിയെ വിളിച്ചുവരുത്തി ഇന്ന് ആറുമണിക്ക് മുൻപ് ഇത് നടത്തണം, നാളെ നിയമസഭയാണ്, ചതിക്കരുത് എന്ന് പറഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ സസ്പെൻഷൻ നടന്നു. അങ്ങനെ ഗവൺമെന്റ് അറിയാതെ ഒരു വ്യക്തി സർക്കാരിൽനിന്ന് ശമ്പളം പറ്റുന്ന അതേ സമയത്ത് തന്നെ അയാൾ മറ്റൊരു കോഴ്സ് പൂർത്തിയാക്കി വന്നു പ്രൊമോഷൻ സമ്പാദിച്ചതിന് നടപടിയെടുത്തപ്പോൾ ഇവിടെ ശ്രീ. എ. കെ. ബാലന്റെ പി. എ. ആയിരുന്ന രവികുമാർ അതേ തെറ്റ് ചെയ്ത് സർവ്വീസിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാമല്ലോ, പാർട്ടിയുമായിട്ട് വളരെ അടുത്ത ആളല്ലേ ? ഇതെല്ലാം പാർട്ടിക്കാർ വീതിച്ചെടുക്കുകയാണ്. ഇത് ശ്രീ. എം. എ. ബേബിയുടെ പ്രൈവറ്റ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. രാമകൃഷ്ണന്റെ കത്താണ് (കത്ത് ഉയർത്തിക്കാട്ടി). എന്താണ് കത്തിനകത്ത് പറയുന്നത് ? കെ.എഫ്.ഡി.സിയിൽ നേപ്പാളി സ്വദേശികളായ സെക്യൂരിറ്റിക്കാർക്ക്, ഇൻഡ്യക്കാർക്കില്ല, നേപ്പാളി സ്വദേശികളായ സെക്യൂരിറ്റി ജീവനക്കാർക്ക് വയസ്സ് പരിശോധിക്കേണ്ട ആവശ്യമില്ല, അത് ഉടനടി നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി ഉത്തരവ് കൊടുക്കുകയാണ്. പ്രൈവറ്റ് സെക്രട്ടറി ഉത്തരവ് കൊടുക്കുകയാണ്, ആർക്ക് ? മന്ത്രിക്ക്. ഇത് അതിന്റെ ഫോട്ടോകോപ്പിയാണ് (ഉത്തരവ് ഉയർത്തിക്കാട്ടി). അങ്ങനെ എട്ട് നേപ്പാളുകാരായ സെക്യൂരിറ്റിക്കാർ അവിടെ തുടരുകയാണ്. ചിലർ പറയുന്നത് അവർ നേപ്പാളികളല്ല ബംഗാളികളാണ് എന്നാണ്. അങ്ങേയ്ക്ക് വേറെ ചില താത്പര്യങ്ങൾ ഉണ്ടെന്നാണ് ജനങ്ങൾ പറയുന്നത്. ഇത് സംസാരിക്കുന്ന രേഖകളാണ് ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറയുന്നു, ഇത് നിസ്സാരമാണെന്ന്. അങ്ങനെ നിസ്സാരമായി ഞാൻ കാണുന്നില്ല. അങ്ങയുടെ ഡിപ്പാർട്ട്മെന്റിലെ ഒരു ഗവൺമെന്റ് ഉത്തരവാണ് ഇത്.(ഉത്തരവ് ഉയർത്തിക്കാട്ടി) "മേൽ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീമതി ഗിരിജാ ദേവിക്ക് പ്രായ പരിധി കഴിഞ്ഞതിനാലും മറ്റൊരു ജോലി നേടുവാൻ അവസരം ഇല്ലാത്തതിനാലും ശ്രീമതി ഗിരിജാ ദേവിയെ ഇൻഫർമേഷൻ വകുപ്പിൽ പതിനായിരം രൂപ ശമ്പളത്തിൽ സ്ഥിരപ്പെടുത്തിയതായി....." ഇത് പി.എസ്.സിയുടെ പോസ്റ്റ് ആണ്. അങ്ങ് പി.എസ്.സിയുടെ ചാർജ്ജുള്ള ആളാണ്, മുഖ്യമന്ത്രിയാണ്. തീക്കട്ടയിൽത്തന്നെ ഉറുമ്പരിക്കുകയാണ്. പി.എസ്.സി.യെ മറികടക്കുന്നതിനുവേണ്ടി ഉത്തരവിറക്കുകയാണ്. അതിന്റെ ബന്ധം ഞാൻ പറയുന്നില്ല. അങ്ങേപ്പുറത്ത് ഇരിക്കുന്ന എന്റെ സുഹൃത്തിന്റെ പി.എ.യുടെ ഭാര്യയാണ്. അദ്ദേഹത്തിന്റെ പേര് ഞാൻ പറയില്ല. വ്യാപകമായ തട്ടിപ്പാണ് നടക്കുന്നത്. (ബഹളം) എഴുന്നേറ്റാൽ പേര് പറയാം. നിങ്ങൾ കൂവിയിട്ടല്ലേ... എഴുന്നേൽക്കാൻ ധൈര്യമുണ്ടെങ്കിൽ എഴുന്നേൽക്ക്.. അവർക്ക് അറിയാം... (ബഹളം) വ്യാപകമായ തട്ടിപ്പാണ്. ഒരു രക്ഷയുമില്ല. പാവപ്പെട്ട ചെറുപ്പക്കാർക്ക് ജോലി കിട്ടാൻ ഒരു രക്ഷയുമില്ല. പണം മേടിച്ചുകൊണ്ട് ഇത് ചെയ്യുകയാണ്. ജോയിന്റ് കൗൺസിലിന്റെ ജെ.പി., അയാളാണ് ഇതിന്റെയൊക്കെ പുറകിൽ. മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടാണ് ഇതൊക്കെ നടക്കുന്നത്. ഇവിടെ റവന്യൂ വകുപ്പുമന്ത്രിയെ അങ്ങ് മാറ്റി നിർത്തണം. ഗവൺമെന്റിൽനിന്ന് മാറ്റി നിർത്തണം. റവന്യൂ വകുപ്പുമന്ത്രീ അങ്ങ് ഒരു വാക്ക് ഇവിടെ മിണ്ടിയില്ലല്ലോ. ഒരു കാര്യം കൂടി പറയാനുണ്ട്.

മി. സ്പീക്കർ : അങ്ങ് പന്ത്രണ്ട് മിനിറ്റെടുത്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇത് കേരളത്തിലെ ഏറ്റവും തീവ്രമായ പ്രശ്നമാണ്. റവന്യൂ വകുപ്പുമന്ത്രിയുൾപ്പെടെയുള്ള ആളുകൾ, റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള നിയമന തട്ടിപ്പാണ്. ആ തട്ടിപ്പിന്റെ പേരിൽ മന്ത്രി രാജി വയ്ക്കണം. അല്ലെങ്കിൽ മുഖ്യമന്ത്രി അദ്ദേഹത്തെ പുറത്താക്കണം. ജുഡീഷ്യൽ അന്വേഷണം നടത്തണം. കുറ്റക്കാരെ പുറത്തു കൊണ്ടുവരണം. അതിനുവേണ്ടിയുള്ള നടപടി എടുക്കണം. അതിനുവേണ്ടി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ വിശദവും ദീർഘവുമായ അടിയന്തര പ്രമേയ വിശദീകരണത്തിൽ നേരത്തെ തന്നെ തയ്യാറാക്കിക്കൊണ്ടുവന്ന ആശയങ്ങൾ ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. പക്ഷേ അത് സംബന്ധിച്ച് കേരള ഗവൺമെന്റ് അടിയന്തരമായ നടപടികൾ എടുത്തുകഴിഞ്ഞു. ജനങ്ങൾ എല്ലാം തന്നെ അതിന്റെ ഗൗരവത്തോടുകൂടി മനസ്സിലാക്കിയിട്ടുള്ളതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോ അദ്ദേഹത്തിന്റെ കൂട്ടുകാരായ ആളുകളോ ഇപ്പോൾ അടിച്ചുവിടുന്ന പ്രചാരവേലകൾ ഒന്നും നിലനിൽക്കുന്നതല്ല. രാഷ്ട്രീയമായിട്ട് മന്ത്രിമാരെ ചീത്തയാക്കാമെന്നു കരുതി നിങ്ങൾ കുറേ കാര്യങ്ങൾ ഇങ്ങനെ വിളമ്പുകയാണ് ചെയ്തിട്ടുള്ളത്. നിങ്ങൾ എല്ലാ ഘട്ടങ്ങളിലും അടിയന്തര പ്രമേയത്തോട് എടുക്കുന്ന സമീപനത്തിന്റെ ഒരു തുടർച്ച എന്ന നിലയിൽ ഇപ്പോൾ ഒരു ചെറിയ പീരിയഡിലേക്ക് കുറച്ച് ബില്ലുകൾ പാസ്സാക്കാൻ വേണ്ടി കൂടിയ യോഗത്തിൽത്തന്നെയും, സഭയിൽ തന്നെയും, നിങ്ങളുടെ സ്ഥിരം പരിപാടി ആരംഭിച്ചിരിക്കുകയാണ്. അതിന് ഒരു തരത്തിലുള്ള മറുപടി പറഞ്ഞാലും നിങ്ങൾക്ക് തൃപ്തിയാകില്ല. എങ്കിലും ഇതെല്ലാം സംബന്ധിച്ച കാര്യങ്ങൾ വളരെ വിശദമായും ദീർഘമായും ഇന്ന് സഭയിൽ ചോദ്യോത്തര വേളയിൽ രണ്ടാമത്തെ ചോദ്യത്തിന് മറുപടിയായി നമ്മൾ ചർച്ച ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇത് സംബന്ധിച്ച് ഓരോ പ്രശ്നവും എടുത്ത് ഇതിൽ കൂടുതൽ മറുപടി പറയേണ്ട യാതൊരു ആവശ്യവുമില്ല എന്ന് വ്യക്തമാണ്. ഈ അടിയന്തരപ്രമേയത്തിൽ യാതൊരു തരത്തിലുള്ള അടിയന്തര സ്വഭാവവും ഇല്ലാത്തതുകൊണ്ട് ഇത് സംബന്ധിച്ച് കൂടുതലായി ഒന്നും പറയാനില്ല.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ച ശ്രീ. രവികുമാർ, അദ്ദേഹം എന്റെ പി.എ. ആയിരുന്നു. എനിക്കു മുൻപ് കുഴൽമന്ദം എം.എൽ.എ ആയിരുന്ന ശ്രീ. നാരായണന്റെ പി. എ. ആയിരുന്നു. അദ്ദേഹം പി.എസ്.സി. പരീക്ഷ എഴുതിയത് 1994-ജനുവരിയിലാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് നിങ്ങളുടെ കാലഘട്ടത്തിലാണ്. ഞങ്ങൾ കൊടുത്തതല്ല എന്നർത്ഥം.....(ബഹളം). ഞങ്ങളുടെ കാലഘട്ടത്തിൽ കൊടുത്തതല്ല എന്ന് അർത്ഥം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ജോലിയിലിരിക്കേ അയാൾ പഠിക്കാൻ പോയി.....

ശ്രീ. എ. കെ. ബാലൻ : സർ, ഒരാൾക്ക് പഠിക്കാൻ പോകാൻ പാടില്ലേ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ വയനാട് ജില്ലയിൽ നടന്ന തട്ടിപ്പ് അന്വേഷിച്ചു കണ്ടുപിടിച്ചത് റവന്യൂ ഡിപ്പാർട്ടുമെന്റാണ്. വയനാട് ജില്ലയിലെ കളക്ടറേറ്റിൽ ഇത്തരം നിയമനങ്ങൾ നടക്കുന്നു എന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയ പരാതി മന്ത്രി എന്നുള്ള നിലയിൽ ഞാനും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷിച്ചാണ് ഈ നിയമന തട്ടിപ്പ് പുറത്ത് കൊണ്ടുവന്നതും ഇവരുടെ പേരിൽ നടപടി സ്വീകരിച്ചതും. അത് മറച്ചുവച്ചുകൊണ്ട്, അതിനെക്കുറിച്ച് ഒരു വാക്കുപോലും പരാമർശിക്കാതെ റവന്യൂ വകുപ്പുമന്ത്രി രാജി വയ്ക്കണം, രാജിവയ്ക്കണം എന്നല്ലേ ഇവിടെ ആവർത്തിച്ച് പറഞ്ഞത്. ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനും ഇതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഇതുമായി ബന്ധപ്പെട്ട മുഴുവൻ വ്യക്തികളുടെയും പേരിൽ നടപടി സ്വീകരിച്ചത് റവന്യൂ ഡിപ്പാർട്ടുമെന്റും പിന്നീട് മന്ത്രിസഭ എടുത്ത തീരുമാനങ്ങളുമാണ്. ഇവിടെ ഈ വസ്തുതകളെല്ലാം മറച്ചുവച്ചിരിക്കുകയാണ്. ഈ നടപടി സ്വീകരിച്ചതും ഇതിനുള്ള നടപടികൾക്കെല്ലാം നേതൃത്വം കൊടുത്തതും റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടറാണ്. അത് കൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പു മന്ത്രിയുടെയും പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബില്ലുകൾ പാസ്സാക്കാൻ വേണ്ടി കൂടുന്ന ഒരു ചെറിയ സെഷനാണിത് എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അത്യാവശ്യം പാസ്സാക്കേണ്ട നിയമങ്ങൾ പാസ്സാക്കുന്ന ഈ സെഷനിൽ സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ ഈ നാട്ടിൽ നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കരുത് എന്ന് പറഞ്ഞാൽ എന്ത് ചെയ്യാൻ സാധിക്കും ? ഈ നിയമന തട്ടിപ്പ് ആരാണ് കണ്ടുപിടിച്ചതെന്നുള്ളത് ഇവിടെ റവന്യൂ വകുപ്പുമന്ത്രിതന്നെ പറഞ്ഞിരിക്കുകയാണ്. ഇതിൽ അഴിമതി നടന്നിട്ടുണ്ട്. ആരാണ് കണ്ടുപിടിച്ചത് എന്നതിൽ മാത്രമേ റവന്യൂ വകുപ്പുമന്ത്രിക്ക് തർക്കമുള്ളൂ. മുഖ്യമന്ത്രി പറയുന്നു, സുതാര്യ കേരളത്തിൽ കിട്ടിയ പരാതി അയച്ചു എന്ന്. ആ പരാതി പോലും അന്വേഷിക്കാൻ വൈകി എന്നാണ് മാധ്യമങ്ങളിൽ വന്നിരിക്കുന്നത്. അതിന്റെ പേരിലാണ് കളക്ടറുടെ പേരിൽ നടപടി. ഇപ്പോൾ റവന്യൂ വകുപ്പുമന്ത്രി പറയുന്നു, റവന്യൂ വകുപ്പുതന്നെ ഇത് കണ്ടുപിടിച്ചു എന്ന്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ വളരെയധികം വേദനിപ്പിക്കുന്ന ഒരു സംഭവമാണ്. എല്ലാവർക്കും ഗവൺമെന്റ് ജോലി ലഭിക്കുകയില്ല. ഒരു വർഷം പരമാവധി ലഭിക്കുന്നത് 25,000 പേർക്കാണ്. പക്ഷേ ജോലിക്കുവേണ്ടി കാത്തിരിക്കുന്ന 45 ലക്ഷം പേരും ഇത് എനിക്ക് കിട്ടും, എനിക്ക് കിട്ടും എന്നുള്ള പ്രതീക്ഷയോടുകൂടി ഇരിക്കുന്നവരാണ്. ആ പ്രതീക്ഷയോടുകൂടിയിരിക്കുന്നവരുടെ നെഞ്ചത്താണ് ഈ തീക്കനൽ കോരിയിട്ടിരിക്കുന്നത്. അവർ എത്ര ടെസ്റ്റ് എഴുതി, എത്ര ഇന്റർവ്യൂവിന് പോയി. ഇതെല്ലാം കഴിഞ്ഞിട്ട് ഒരു റാങ്ക് ലിസ്റ്റിൽ പേര് കിട്ടി

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളോളം കാത്തിരുന്ന് ആ ജോലി ലഭിക്കുന്ന അവസരത്തിലാണ് ഇതു പോലുള്ള ഒരു നിയമന തട്ടിപ്പ് ഇവിടെ നടന്നിരിക്കുന്നത്. ചോദ്യോത്തര സമയത്ത് ഈ വിഷയം ചർച്ച ചെയ്തതുകൊണ്ട് ഇനി ചർച്ച ചെയ്യേണ്ട കാര്യമില്ലായെന്ന് അങ്ങ് പറഞ്ഞു. അങ്ങ് ഇതുസംബന്ധിച്ച് കാര്യമായി ഒരു മറുപടിയും പറഞ്ഞില്ല. ചോദ്യത്തര വേളയിൽ ഇവിടെ വന്ന പ്രശ്നം, സംഗതി കൂടുതൽ ഗൗരവമാക്കിയിരിക്കുകയാണ്. ഇതുവരെ നിയമനത്തിലെ തട്ടിപ്പായിരുന്നു വന്നത്. ഇപ്പോൾ വെരിഫിക്കേഷന്റെ തട്ടിപ്പ് കൂടി പുറത്ത് വന്നിരിക്കുകയാണ്. വെരിഫിക്കേഷൻ എന്താണ്? ഈ നിയമനം നടത്തുന്ന ഡിപ്പാർട്ടുമെന്റിൽ നിന്നും പോലീസിന് കത്ത് എഴുതണം. പോലീസ് സ്വന്തമായി അന്വേഷിച്ച് ആ വിവരം ഈ ഡിപ്പാർട്ടുമെന്റിനെ അറിയിക്കണം. ആ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി കിട്ടിക്കഴിഞ്ഞതിനുശേഷമാണ് ഇവരുടെയെല്ലാം നിയമനത്തിന് അംഗീകാരം കൊടുക്കുന്നത്. ഇതാണ് ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നത്. അല്ലെങ്കിൽ അങ്ങ് അത് തിരുത്തണം. അതിനുപകരം, ഇവിടെ ഇപ്പോൾ അങ്ങ് എന്താണ് ഉദ്ദേശിച്ചത് എന്ന് എനിക്കറിയില്ല. ഈ ഉദ്യോഗം കിട്ടിയ വ്യക്തിതന്നെ കൃത്രിമമായി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി, അതുംകൂടി കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ നിയമന തട്ടിപ്പ് എന്നുള്ള വിചാരത്തിലിരിക്കുകയാണ്. ഇപ്പോൾ നിയമന തട്ടിപ്പിനു പുറമേ വെരിഫിക്കേഷൻ തട്ടിപ്പു കൂടി പുറത്ത് വന്നിരിക്കുകയാണ്. ഈ രാജ്യത്ത് എന്താണ് നടക്കുന്നത്? ഇത് ഡിപ്പാർട്ടുമെന്റിൽ നിന്നാണ് പോലീസിന് അയയ്ക്കേണ്ടത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പി.എസ്.സി. അഡ്വൈസ് മെമ്മോ കൃത്രിമമായി തയ്യാറാക്കി എന്നുള്ളതാണല്ലോ കേസ്. അങ്ങനെയാണ് ഈ നിയമനതട്ടിപ്പ ഉണ്ടായത്. ഇത് ഒരു നിയമന തട്ടിപ്പാണ്. ഇപ്പോൾ നോട്ട് അച്ചടിക്കുന്നത് റിസർവ് ബാങ്കാണ്. ഇവിടെ കള്ള നോട്ടുകൾ വരുന്നുണ്ട്. കള്ളനോട്ട് വന്നാൽ ഉടനെ റിസർവ് ബാങ്ക് ഗവർണ്ണർ രാജി വയ്ക്കുകയാണോ ചെയ്യുന്നത്? കള്ളനോട്ട് കണ്ടുപിടിച്ചാൽ കേന്ദ്ര ആഭ്യന്തരമന്ത്രി രാജിവയ്ക്കുമോ? ഇവിടെ നിയമന തട്ടിപ്പാണ് നടന്നത്. ആ നിയമന തട്ടിപ്പ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റ് റവന്യൂ വിജിലൻസിനെ വച്ച് അന്വേഷിച്ച് അപാകത കാണിച്ച കളക്ടർ ഉൾപ്പെടെ ബന്ധപ്പെട്ടവരെയെല്ലാം സസ്പെന്റ് ചെയ്തു. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട ആളുകളെയെല്ലാം അറസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവരെയൊക്കെ ഇപ്പോൾ ജയിലിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിലുൾപ്പെട്ട എല്ലാ പ്രതികളെയും പിടികൂടും. അതിന്റെ ഭാഗമായി ഇവർ ഹാജരാക്കിയ രേഖകൾ, പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള രേഖകൾ എങ്ങനെ കൃത്രിമമായി തയ്യാറാക്കി തുടങ്ങിയ കാര്യങ്ങളെല്ലാം വിശദമായി ക്രൈംബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ആരെയും ഈ ഗവൺമെന്റ് രക്ഷിക്കുകയില്ല. ഇത്തരത്തിലുള്ള ഒരു നിയമന തട്ടിപ്പ് തട്ടിപ്പായി കണ്ട് അവരെ നിയമത്തിന്റെ മുന്നിൽ എത്തിക്കാനാവശ്യമായ നിയമാനുസൃതമായ എല്ലാ നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കള്ളനോട്ട് അടിച്ചാൽ റിസർവ് ബാങ്കിന്റെ ഗവർണ്ണറെ സസ്പെന്റ് ചെയ്യുമോ എന്നുള്ള ഒരു പ്രധാനപ്പെട്ട ചോദ്യം അങ്ങ് ചോദിച്ചു. ഇത് സുബോധമുള്ളവരാരും ചോദിക്കുകയില്ല. പക്ഷേ കള്ള നോട്ടടിക്കാൻ സൗകര്യമുണ്ടാക്കി കൊടുത്തവന്റെ പേരിൽ നടപടി എടുക്കണമെന്നുള്ള കാര്യം ഞങ്ങൾ നൂറുവട്ടം പറയും. ഇവിടെ ഈ നിയമന തട്ടിപ്പ് നടത്തുന്നതിന് അവസരമുണ്ടാക്കിക്കൊടുത്തവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. ഏറ്റവും പ്രധാനപ്പെട്ട ഒരു സെക്ഷനിലെ ഉദ്യോഗസ്ഥനായിരുന്നു അഭിലാഷ്പിള്ള. അദ്ദേഹത്തെ മേയ് മാസം ട്രാൻസ്ഫർ ചെയ്തു. അദ്ദേഹത്തിന്റെ ട്രാൻസ്ഫർ ആരും ക്യാൻസൽ ചെയ്തതുമില്ല, അദ്ദേഹം ട്രാൻസ്ഫർ ചെയ്ത സ്ഥലത്തുവന്ന് ജോയിന്റ് ചെയ്തതുമില്ല. അഭിലാഷ്പിള്ള എന്തുകൊണ്ട് ജോയിൻ ചെയ്തില്ല എന്ന് ഈ മാസങ്ങളിൽ ഒരു ഉദ്യോഗസ്ഥനും അന്വേഷിച്ചതുമില്ല. അതിനെക്കുറിച്ച് എന്തുകൊണ്ടാണ് അന്വേഷിക്കാത്തത് ? അതാണ് ഇതിനുള്ള മറുപടി. ഈ അഭിലാഷ്പിള്ളയെ അവിടത്തെ ലാന്റ് റവന്യൂ കമ്മീഷണർ മേയ് മാസം 2010-ൽ തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ചെയ്തു.അദ്ദേഹം ഇവിടെ ജോയിന്റ് ചെയ്തില്ല. ഇവിടെ ജോയിന്റ് ചെയ്യാത്തത് എന്താണെന്ന് ചോദിച്ചോ ? അതല്ല ഏതെങ്കിലും കംപാഷനേറ്റ് ഗ്രൗണ്ടിൽ അദ്ദേഹത്തിന്റെ ട്രാൻസ്ഫർ ക്യാൻസൽ ചെയ്യുന്നതിന് മന്ത്രിക്കും ലാന്റ് റവന്യൂ കമ്മിഷണർക്കും അധികാരമുണ്ട്. ഞങ്ങൾ അതിനെ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ഇവിടെ അദ്ദേഹത്തിന്റെ ട്രാൻസ്ഫർ ക്യാൻസൽ ചെയ്തിട്ടുമില്ല. അപ്പോൾ അഭിലാഷ് പിള്ള ആരാണ് ? അഭിലാഷ്പിള്ളയ്ക്ക് റവന്യൂ ഡിപ്പാർട്ടുമെന്റിലുള്ള അംഗീകാരമെന്താണ് ? അപ്പോൾ മന്ത്രിയെക്കാൾ വലിയവനാണ് അഭിലാഷ്പിള്ള എന്നാണോ ഞങ്ങൾ ധരിക്കേണ്ടത് ? അങ്ങനെയുള്ള അഭിലാഷ്പിള്ള കുറ്റം ചെയ്താൽ, ആ കുറ്റത്തിന്റെ പേരിൽ ഞങ്ങൾ വിരൽ ചൂണ്ടിയാൽ നിങ്ങൾക്ക് അതിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കുമോ ? അതാണ് ഇവിടത്തെ പ്രശ്നം. വെരിഫിക്കേഷനെ സംബന്ധിച്ചു പറഞ്ഞാൽ, അപ്പോയിന്റ് ചെയ്യുന്ന ഡിപ്പാർട്ടുമെന്റാണ് പോലീസിനെ അറിയിക്കേണ്ടത്. പോലീസ് വെരിഫിക്കേഷൻ നടത്തിയിട്ട് നേരിട്ട് ഈ അപ്പോയിന്റിംഗ് അതോറിറ്റിയെ അറിയിക്കണം. അവിടെയും ഗുരുതരമായ വിഴ്ച വന്നു എന്നല്ലേ ഇപ്പോൾ സമ്മതിച്ചിരിക്കുന്നത്. ഈ രാജ്യത്ത് തൊഴിലില്ലായ്മയുടെ നടുവിലും നമ്മുടെ ചെറുപ്പക്കാരുടെ മുമ്പിൽ ഒരു ആശ്വാസം പി.എസ്.സി.യെക്കുറിച്ചുള്ള ക്രഡിബിലിറ്റിയായിരുന്നു. പി.എസ്.സി.യെ ഞങ്ങൾ ഒരിക്കലും കുറ്റപ്പെടുത്തുന്നില്ല. ഈ നാട്ടിലെ ചെറുപ്പക്കാരുടെ ആകെയുള്ള ആശ്വാസം ഈ പി.എസ്.സിയെ കുറിച്ചുള്ള ക്രഡിബിലിറ്റിയാണ്. ആ ക്രഡിബിലിറ്റിയെപ്പോലും നഷ്ടപ്പെടുത്തുന്ന വിധത്തിലാണ് ഒരു കൂട്ടം ആളുകൾ സമാന്തര പി.എസ്.സി.യായി പ്രവർത്തിക്കുന്നത്. അവർക്ക് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടുപോലും ഉണ്ടാക്കാൻ സാധിക്കുക, ഏറ്റവും പ്രധാനപ്പെട്ട പോസ്റ്റുകളിൽ കയറാൻ പറ്റുക, എന്താണ് ഇത് ? എന്നിട്ട് ഇതിനെ ഒരു കളക്ടറുടെ തലയിൽമാത്രം ചാരിവച്ചുകൊണ്ട് രക്ഷപ്പെടാൻ സാധിക്കുമോ ? ഞാൻ ചോദിക്കട്ടേ, പോലീസ് വെരിഫിക്കേഷനിൽ വന്ന വീഴ്ചയ്ക്ക് കളക്ടർ എങ്ങനെയാണ് ഉത്തരവാദിയാകുന്നതെന്ന് ഒന്നു പറയാമോ ? അപ്പോൾ പലരും

10.00 AM]

LIBRARY ARCHIVES Kerala Legislative Assembly

ഇത് മൂടിവയ്ക്കാൻ ശ്രമിക്കുകയാണ്. നിയമനങ്ങളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് സുതാര്യത പാലിക്കുന്നുണ്ടോ എന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. ഇപ്പോൾ ഒൻപത് പുതിയ പി.എസ്.യു.-കൾ സ്ഥാപിച്ച് 1919 പേരെ നിയമിക്കാൻ പോവുകയാണ്. അതിന്റെ പേരിൽ വലിയ അഴിമതിയുടെ കഥകളാണ് കേൾക്കുന്നത്. 1919 പോസ്റ്റുകൾ. പി.എസ്.സി.-യെ മറികടന്നുകൊണ്ട് നിയമിക്കാൻ പോകുകയാണ്. അത് എന്ത് ന്യായമാണ് ? അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ അതിന്റെകൂടെ പുതുതായി കൂട്ടി. നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുള്ള പോസ്റ്റുകളിൽപ്പോലും പേര് മാറ്റി നിയമിക്കുവാനുള്ള ശുപാർശ വന്നിരിക്കുകയാണ്. യൂണിവേഴ്സിറ്റികളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടുവെന്ന് നിങ്ങൾ പറഞ്ഞു. ഇതാ എന്റെ കയ്യിലുണ്ട്, നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തുവെന്നുള്ള വാർത്ത വന്നപ്പോഴും കോഴിക്കോട് യൂണിവേഴ്സിറ്റി 22-ാം തീയതി നിയമനം നടത്തുവാൻ വേണ്ടി തിരക്കിട്ട് നോട്ടീസ് അയച്ചിരിക്കുകയാണ്. പി.എസ്.സി.-ക്ക് വിടാൻ ക്യാബിനറ്റ് തീരുമാനിച്ച ദിവസം മുതൽ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയിലും പുതിയ നിയമനങ്ങൾ നടത്തില്ലായെന്ന് അങ്ങേയ്ക്ക് പറയാൻ പറ്റുമോ ? കേരളത്തിലെ ചെറുപ്പക്കാർ അതാണ് ആഗ്രഹിക്കുന്നത്. അവിടെ തിരക്കിട്ട് ആളുകളെ നിയമിക്കാൻ പോവുകയാണ്. ഇത് ആരെ കളിപ്പിക്കുവാൻവേണ്ടിയാണ്. ഒരു വശത്ത് പി.എസ്.സി.-ക്ക് വിട്ടുവെന്ന തീരുമാനവും മറു വശത്ത് പുതിയ നിയമനത്തിനുള്ള ഇന്റർവ്യൂ കാർഡും അയയ്ക്കുന്നതിനുവേണ്ടി തിരക്കിട്ട് ഫയലുകൾ നീക്കുകയാണ്. എന്തിനുവേണ്ടിയാണ് ? പുതിയ പി.എസ്.യു. കളിലെ 1919 തസ്തികകളിൽ പി.എസ്.സി.-യെ അറിയിക്കാതെ നിയമനം നടത്തുന്നതിനാണ് നീക്കം ഉണ്ടായിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഒപ്പിട്ടുകൊടുത്തു. അത് അങ്ങയുടെ വകുപ്പ് പരിശോധിച്ചിട്ടില്ല. അതെന്താണ് ? 1919 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത ഫയൽ ധനകാര്യ വകുപ്പുമന്ത്രി കണ്ടില്ലെന്ന് പറഞ്ഞാൽ ഇതിൽ കൂടുതൽ നാണക്കേട് ഈ നാട്ടിലുണ്ടോ ? അങ്ങ് കൂടി ഇതിന് കൂട്ടു നിൽക്കുകയാണ്. അങ്ങ് ആ ഫയലിൽ ഒപ്പിട്ടു. ഇതുപോലെയുള്ള പോസ്റ്റുകൾ വന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വിളിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. തൊഴിൽ വകുപ്പുമന്ത്രിയും ഇവിടെ ഇരിക്കുന്നുണ്ടല്ലോ ? നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി വേണമെന്നുള്ള വ്യവസ്ഥയും മറികടന്നിരിക്കുന്നു. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സ് കാണണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ .....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സ് കണ്ടിട്ടില്ല. ഈ ഗവൺമെന്റിന്റെ മുഖമുദ്ര സുതാര്യമല്ലാത്ത നിയമനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണ്. എന്തിനാണ് ഇത് ? ഇതൊന്നും ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കുന്നില്ല. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സ് കാണുന്നില്ല. നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വേണമെന്നുള്ള വ്യവസ്ഥയെ മറികടക്കുന്നു. നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽപ്പോലും പേരുമാറ്റി മാനേജ്മെന്റ്, സൂപ്പർവൈസറി, ടെക്നിക്കൽ എന്നീ പേരുകൾ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് അവിടെയും നിയമനം നടത്താൻ പോവുകയാണ്. ഇതിന്റെ പുറകിൽ കോടികളുടെ അഴിമതിയാണ്; അഴിമതിക്കറകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ...(ബഹളം)..... ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഇന്ന് ഉയർന്നുവന്നിട്ടുള്ള ഈ നിയമന അഴിമതികളെക്കുറിച്ച് മുഖ്യമന്ത്രിക്ക് എന്താണ് പറയുവാനുള്ളത് ? റവന്യൂ വകുപ്പുമന്ത്രിയെ മാറ്റി നിർത്തിക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണം. പി.എസ്.സി.വഴി അല്ലാത്ത എല്ലാ നിയമനങ്ങളും നിർത്തി വയ്ക്കണമെന്ന് അങ്ങേയ്ക്ക് പറയുവാൻ സാധിക്കുമോ ? അങ്ങയുടെ മറുപടി കേൾക്കാൻ ഞങ്ങൾ തയ്യാറാണ്. അങ്ങയുടെ മറുപടി കേൾക്കാൻ ഞങ്ങൾ കാത്തിരിക്കുകയാണ്. അദ്ദേഹത്തിന് മറുപടിയുണ്ടോ ? പി.എസ്.സി.വഴി അല്ലാത്ത നിയമനങ്ങൾ, അദ്ദേഹം മറുപടി പറയട്ടേ ? ഞാൻ ഇരിക്കാം. .....(ബഹളം)..... ഈ രണ്ട് കാര്യങ്ങളാണ് .....(ബഹളം)..... ഞാൻ ഇരിക്കാം. അഴിമതി നിയമനങ്ങൾ.....

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, വയനാട്ടിലെ നിയമന തട്ടിപ്പിന്റെ പേരിൽ, ഒറ്റപ്പെട്ട ഈ സംഭവത്തിന്റെ പേരിൽ, പ്രതിപക്ഷ നേതാവും കൂടി ചേർന്നുകൊണ്ട് ഈ ഗവൺമെന്റിനെ തന്നെ ആക്രമിക്കുന്നതിനു വേണ്ടിയുള്ള ഒട്ടേറെ കഥകളാണ് ഇവിടെ വിവരിച്ചത്. കോൺഗ്രസ്സ് ഭരിക്കുന്ന കേന്ദ്രസർക്കാരിലെ മന്ത്രിമാർ നിരവധി കോടികളുടെ അഴിമതി നടത്തിയിട്ട് അതിനെ സംബന്ധിച്ച് സുപ്രീം കോടതി ഇടപെട്ട്, സുപ്രീം കോടതിയിലെ ഒരു പ്രധാനപ്പെട്ട ജഡ്ജിയുടെ നേതൃത്വത്തിൽ കോടികളുടെ തട്ടിപ്പാണ് ഇവിടെ കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നത്. ആ തരത്തിലുള്ള തട്ടിപ്പിനെ മറച്ചുവയ്ക്കുവാൻ വേണ്ടിയാണ് വയനാട്ടിലുണ്ടായിട്ടുള്ള ഒരു കേസ് എടുത്ത് കാണിച്ചുകൊണ്ട് നിങ്ങൾ സംസാരിക്കുന്നത്. ഈ തട്ടിപ്പ് നടത്തിയിട്ടുള്ള ആളുകളെ കണ്ടുപിടിക്കാനും അതിന് അനുബന്ധമായി കൂട്ടുനിന്നിട്ടുള്ള ആളുകളെ പുറത്തു കൊണ്ടുവരുന്നതിനുംവേണ്ടി ഗവൺമെന്റ് അടിയന്തരമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അങ്ങനെ അടിയന്തരമായി എടുത്തിട്ടുള്ള നടപടികളുടെ ഫലമായിട്ടാണ് പലരും കൈവിലങ്ങോടെ ജയിലിലേക്ക് പോയിക്കൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള എന്തെങ്കിലും നടപടികൾ നിങ്ങളുടെ കാലത്ത് സ്വീകരിച്ചതായി പറയാൻ കഴിയുമോ ? കഴിയില്ല. ഇന്ന് നിങ്ങളെയാകെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നത് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന നിരവധി അഴിമതികളാണ്. ആ അഴിമതികളുടെ കൂമ്പാരത്തിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടാൻ വേണ്ടിയാണ് ഈ ഗവൺമെന്റിലെ മന്ത്രിമാർ അഴിമതിക്കാരാണെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു പ്രചാരവേല നിങ്ങൾ നടത്തുന്നത്. അതിനുള്ള അവസരം നിങ്ങൾ പതിവായി ഉപയോഗപ്പെടുത്തുന്നതുപോലെ, ഈ സഭയുടെ ഈ സമ്മേളനവും ഉപയോഗിക്കുന്നു എന്നുള്ളതേയുള്ളൂ. അടിയന്തര പ്രമേയത്തിന്റെ അവതാരകനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മാരത്തോൺ പ്രസംഗത്തിനു ശേഷം ഇപ്പോൾ പ്രതിപക്ഷ നേതാവും അത് ആവർത്തിച്ചിരിക്കുന്നുവെന്നേയുള്ളൂ. .....(ബഹളം)..... ഇതു സംബന്ധിച്ച് ഒരു തരത്തിലുമുള്ള മറുപടി പറഞ്ഞാലും നിങ്ങൾ തൃപ്തരാവില്ല. എന്താണോ ഉദ്ദേശിച്ചിട്ടുള്ളത് ആ ഉദ്ദേശം നിറവേറ്റിയാലേ നിങ്ങൾ പുറകോട്ടു പോവുകയുള്ളൂ. നിങ്ങളെപ്പറ്റി പലപ്രാവശ്യം ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളവരല്ലേ? അതുകൊണ്ട് നിങ്ങളുടെ ചുമതല നിറവേറ്റാൻ തുനിഞ്ഞോളൂ, അതിന് ഞങ്ങൾ എല്ലാവിധ സഹായവും നൽകാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ചോദിച്ച ഒരു കാര്യത്തിന് മറുപടി പറഞ്ഞില്ല. ഞങ്ങൾ പുകമറ സൃഷ്ടിക്കാൻവേണ്ടി കാര്യങ്ങൾ പറഞ്ഞുവെന്ന് ഇവിടെ പറഞ്ഞു. പുതിയതായി രൂപീകരിച്ച പി.യു.സി. കളിലേക്കുള്ള 1919 പോസ്റ്റുകൾ ധനകാര്യ വകുപ്പ് പരിശോധിക്കുകപോലും ചെയ്യാതെ ക്രിയേറ്റ് ചെയ്യാൻ പോകുന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത്? അതിനെതിരെ ഇവർ ശബ്ദിക്കുന്നില്ല. കേരളത്തിന്റെ ചരിത്രത്തിൽ ഇത്തരത്തിൽ എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് വയനാട്ടിലെ അഴിമതി നിയമനവുമായി ബന്ധപ്പെട്ടിട്ടുള്ള ഗൗരവമായ കാര്യങ്ങൾ എത്ര ലാഘവ ബുദ്ധിയോടുകൂടിയാണ് അങ്ങ് പറഞ്ഞത്. കേന്ദ്രത്തിൽ നടന്നിട്ടുള്ള അഴിമതി ആക്ഷേപത്തിന്റെ കാര്യം അങ്ങ് പറഞ്ഞു. അവിടെ സി ആന്റ് എ. ജി. യുടെ പ്രാഥമിക റിപ്പോർട്ട് വന്നതിന്റെ പേരിൽ ഒരു കേന്ദ്രമന്ത്രിയെ പുറത്താക്കി. സി.ബി.ഐ. അന്വേഷണം നടക്കുന്നു.....(ബഹളം).....സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടക്കുന്നു. ഇവിടെയോ? സി.ബി.ഐ.-ക്ക് കേസ് വിട്ടുകൊടുന്നതിനെതിരെ സുപ്രീം കോടതിയിൽ പോയവരാണ് നിങ്ങൾ. സംസ്ഥാന ഭരണത്തലവനായ ഗവർണ്ണർക്കെതിരെ ജനങ്ങളുടെ നികുതിക്കാശ് കൊണ്ട് ഇന്നും കേസ്സ് നടത്തിക്കൊണ്ടിരിക്കുന്നവരാണ് നിങ്ങൾ. അങ്ങനെയുള്ള നിങ്ങൾക്ക് അതൊന്നും പറയുവാനുള്ള അർഹതയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത് ഒരു വിധത്തിലും കേരളത്തിലെ ചെറുപ്പക്കാർക്ക് സഹിക്കാൻ പറ്റാത്ത സംഗതിയാണ്. അങ്ങ് ഈ തീരുമാനത്തിൽ നിന്ന് പുറകോട്ട് മാറണം. റവന്യൂ വകുപ്പുമന്ത്രിയെ പുറത്താക്കിക്കൊണ്ടുള്ള അന്വേഷണം നടത്തണം.....(ബഹളം).....

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. ചെയറുമായി സഹകരിക്കണം. .....(ബഹളം)..... സീറ്റിലേക്ക് പോകണം..... അല്ലെങ്കിൽ അടുത്ത നടപടികളിലേക്ക് കടക്കും.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നപടികളിലേക്ക് കടന്നു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly